(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വൈദ്യുതി ബോർഡിനെ പല വിഭാഗങ്ങളാക്കാതിരിക്കാൻ നടപടി

1 [3345] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനെ പല വിഭാഗങ്ങളായി വിഭജിക്കാനുള്ള ഉത്തരവ് നടപ്പാക്കിയോ; ഇല്ലെങ്കിൽ നടപ്പാക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; ഇങ്ങനെ പല കമ്പനികളാക്കുന്നതുകൊണ്ട് എന്ത് ഗുണമാണുള്ളത്; എ.ഡി.ബി.-യുടെ നിർദ്ദേശപ്രകാരമാണോ ഇത്;

(ബി) എ.ഡി.ബി. വായ്പ കെ.എസ്.ഇ.ബി.-ക്ക് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലെന്നും എത്ര കോടി രൂപ ലഭിച്ചുവെന്നും ഇത് ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിനെ പല വിഭാഗങ്ങളായി വിഭജിക്കാനായി ഉത്തരവൊന്നും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. 10-6-2004 മുതൽ ഒരു വർഷത്തേക്കാണ് സംസ്ഥാന വൈദ്യുതി ബോർഡിനെ ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയുമായും തുടരുന്നതിന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട പ്രകാരം കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച് എ.ഡി.ബി. നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(ബി) ഇല്ല.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കൽ

2 [3346] ശ്രീ. കെ. പി. രാജേന്ദ്രൻ:
" പി. എസ്. സുപാൽ:
" പി. നാരായണൻ:
" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപയോഗിച്ചതിന് വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക പിരിഞ്ഞുകിട്ടാൻ വൈദ്യുതി ബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly